# മരച്ചില്ലകൾ

## ലിറ്റിൽകൈറ്റ് മാഗസിൻ 2019 ജനുവരി 19



**എം കെ എച്ച് എം എം ഒ എച്ച് എസ് എസ് മണാശ്ശേരി**

# എഡിറ്റോറിയൽ ബോർഡ്

## ചീഫ് എഡിറ്റർ



മുഹമ്മദ് നാജി

## സബ് എഡിറ്റർ







അർജുൻ ദേവ്   നന്ദന വിനോദ്   മുഹമ്മദ് ആഷിഖ്

# സന്ദേശം



**ലിറ്റിൽ കൈറ്റ്സ് വിദ്യാർഥികൾ പുറത്തിറക്കുന്ന മരച്ചില്ലകൾ എന്ന മാഗസിന് എല്ലാവിധ ആശംസകളും നേരുന്നു. ഇത്തരം മാഗസിനുകളിലൂടെ കുട്ടികളിലുള്ള വിവിധതരം കഴിവുകൾ പ്രകടിപ്പിക്കുവാനുള്ള അവസരം ലഭിച്ചു. ഇതിന് പിന്നിൽ പ്രവർത്തിച്ച എല്ലാവരെയും ഞാൻ അഭിനന്ദിക്കുന്നു**

**ജാഫർ എം പി**
**പ്രധാന അധ്യാപകൻ**

## ഇതളുകളിൽ


ജനകീയ വിദ്യാലയം മികവുറ്റ വിദ്യാലയം....3
സിവർ ജൂബിലിയുടെ നിറവിൽ....4
സംസ്ഥാന കലോത്സവത്തിൽ മുഴങ്ങിയ ശബ്ദം....6
കോഴിക്കോടിന് പോയന്റുകൾ കൊയ്തു കൊടുക്കുന്ന പ്രതിഭകൾ....7
അറിവിൻ തിളക്കം ....മലയാളത്തിളക്കം....8
വിജയോത്സവം 2018 19....9
വൈക്കം മുഹമ്മദ് ബഷീർ....11
ആസ്വാദനക്കുറിപ്പുകൾ....12
സ്ഥലത്തെ പ്രധാന ദിവ്യൻ....12
ബാല്യകാലസഖി....13
മതിലുകൾ....15
മുച്ചീട്ടുകളിക്കാരന്റെ മകൾ....16
കഥ....17
ഉറ്റു തീരാത്ത കണ്ണുനീർ....17
കവിത....18
ഓർമ....18
ലേഖനം....19
ലക്ഷ്യം....19
ഇന്ത്യക്ക് വേണ്ടി ഒരു ഫ്രീ കിക്ക്....19
ജെ ആർ സി കുട്ടികളെ നാടിന് സമർപ്പിച്ച്....20
രജതജൂബിലി ആഘോഷ സമാപനവും, വി.മുഹമ്മദ്മോൻ ഹാജി അനുസ്മരണവും....21
യുപി വിദ്യാത്ഥികൾക്ക് മായാത്തഓർമകൾ സമ്മാനിച്ച്....22
സയൻസ് ക്ലബ്....24
ഡിജിറ്റൽ ചിത്രങ്ങൽ....26
ടിപ്പുസുൽത്താന്റെ നാട്ടിൽ....29
യാത്രാവിവരണം....29
പുതുവത്സര ദിനത്തിലെ നാടൻ വിഭങ്ങൾ....31
പഠനരംഗത്ത് മുന്നേറി നന്ദന വിനോദ്....31
ഹരിതസേന....32
ക്ലാസ് അസ്ംബ്ലി നൽകുന്ന അനുഭവ പഠനങ്ങൾ....32
മാനേജറുടെ നിർദ്ദേശങ്ങൾക്ക് മുമ്പിൽ....33
ശിശുദിന ചിന്തകൾ....33

# ജനകീയ വിദ്യാലയം മികവുറ്റ വിദ്യാലയം

ജാഫർ എം പി
പ്രധാന അധ്യാപകൻ

ഇന്ന് പൊതുവിദ്യാലയങ്ങൾ നാടിന്റെ സ്വപ്നങ്ങൾക്ക് പുത്തൻ ഉണർവ്വും കരുത്തും നേടുക എന്ന വിപുലമായ ലക്ഷ്യത്തോടെയാണ് പൊതുവിദ്യാഭ്യാസ സംരക്ഷണ യജ്ഞം നടപ്പാക്കിയിരിക്കുന്നത്

അക്കാദമിക മികവിലൂടെ മികവുറ്റവിദ്യാലയമെന്ന ആശയം സാക്ഷാത്കരിക്കുക എന്ന ഏറ്റവും ഉത്തമമായ ലക്ഷ്യം കൈവരിക്കാൻ ശ്രമിക്കുകയാണ് അഥവാ മത്സരിക്കുകയാണ് ഓരോ വിദ്യാലയങ്ങളും

കുട്ടികളുടെ സർവോത്മുഖമായ വളർച്ചക്കായി ആത്മാർത്ഥമായ പ്രവർത്തനങ്ങൾ ആസൂത്രണം ചെയ്യപ്പെടുമ്പോൾ തുല്ല്യഅവസരങ്ങളും ലഭ്യമാക്കണം

വിദ്യാർഥികൾക്ക് കേവല വിജ്ഞാനതിനപ്പുറം പരിമിതികളെ അതിജീവിച്ച് മുന്നേറാനും സാമൂഹിക പാരിസ്ഥിതിക അവബോധവും ലിംഗസമത്ത്വ ധാരണയും ആർജ്ജിച്ചെടുക്കുന്നതിലൂടെ മാത്രമേ യഥാർത്ഥ വിദ്യാഭ്യാസം ആവുകയുള്ളൂ ഈ ഒരു ആശയ പൂർത്തീകരണത്തിന് നിലവിലുള്ള പഠനബോധന രീതികളിൽ വരുത്തിയ മാറ്റങ്ങൾ ഏറെ പ്രശംസനീയമാണ്

ഇവിടെയാണ് ഐസിടി സാധ്യതകൾ പ്രയാഗവൽകരിക്കേണ്ടതും പഠനം പരംമ്പരാഗത രീതിയിൽ നിന്നുമാറി ഏറ്റവും ഗുണമേന്മയുള്ള വിദ്യാഭ്യാസം കുട്ടികൾക്ക് ലഭ്യമാക്കാൻ ഓരോവിദ്യാലയങ്ങളും ശ്രമിക്കേണ്ടതുണ്ട്. വിദ്യാലയങ്ങൾ ഹൈടെക് ആയതു കൊണ്ട് മാത്രമായില്ല അദ്ധ്യാപകരുടെ മനോഭാവത്തിലും മനപ്പൂർവമുള്ള മാറ്റങ്ങൾ വരുത്തിയും ഏറ്റവും പുതിയ ബോധന തന്ത്രങ്ങൾ പ്രയോഗവൽക്കരിക്കാൻ പ്രാപ്തരാക്കുകയും വേണം. ഓരോ വിദ്യാലയങ്ങളും കുട്ടികളുടെ സാമൂഹികവും വൈജ്ഞാനികവും വൈകാരികവുമായ വികാസത്തിന് സമത്വപൂർണമായ പ്രാധാന്യം നൽകി കൊണ്ടാവണം പുതിയ പഠനബോധനതന്ത്രങ്ങൾ ആവിഷ്കരിക്കേണ്ടത്

പുതിയ സാഹചര്യത്തിൽ പൊതുവിദ്യാലയങ്ങൾ മികവിനെ കേന്ദ്രങ്ങളായി മാറാനുള്ള പരിശ്രമങ്ങൾക്ക് പൂർണ്ണമനസ്സോടെ കേരള ജനത നെഞ്ചിലേറ്റി കഴിഞ്ഞു.

# സിവർ ജൂബിലിയുടെ നിറവിൽ

മൻസൂർ അലി ടി പി

മുക്കം മുസ്ലിം അനാഥശാല കമ്മറ്റിക്ക് കീഴിൽ മണാശ്ശേരിയിൽ പ്രവർത്തിക്കുന്ന ഒരു ഒരു എയ്ഡഡ് വിദ്യാലയമാണ് എം.കെ.എച്ച്.എം.എം.ഒ. എച്ച്. എസ്സ്.എസ്സ് .1956 ൽ 22 അനാഥ മക്കൾക്ക്അഭയം നൽകി തുടക്കം കുറിച്ച ഈ ഓർഫനേജിന് കീഴിൽ ആയിരക്കണക്കിന് കുട്ടികൾ പഠിച്ച് ഉയരങ്ങളിലെത്തി. 1992 വരേ ആൺകുട്ടികൾക്കും പെൺകുട്ടികൾക്കും ഹൈസ് കൂൾ പഠനം മുക്കം മുസ്ലിം അനാഥശാല കമ്മറ്റിക്ക്കീഴിൽ മുക്കത്ത് പ്രവർത്തിക്കുന്ന ഇന്നത്തെ എം.കെ.എച്ച്.എം.എം.ഒ. വി എച്ച്. എസ്സ്.എസ്സി ൽ വെച്ചായിരുന്നു. മണാശ്ശേരിയിലെ ഹേസ്റ്റലി ൽ നിന്നും അന്ന് ആൺകുട്ടികൾ നടന്നായിരുന്നു മുക്കത്ത് എത്തിയിരുന്നത്. ഇതിനൊരു പരിഹാരമായിട്ടാണ് 1993 ൽ ആൺകുട്ടികൾക്ക് മാത്രമായി മണാശ്ശേരിയിൽ ഒരു ഹൈസ്കൂൾ ആരംഭിച്ചത് . എന്നാൽ ഹൈസ്കൂൾ പഠനത്തിന് മറ്റ സ്ഥലങ്ങളെ ആശ്രയിച്ചിരുന്നമണാശ്ശേരി പ്രദേശത്തുള്ള കുട്ടിക ൾക്കും ഈ വിദ്യാലയം ഒരു അനുഗ്രഹമായി



കോഴിക്കോട് നഗരത്തിൽ നിന്നും25 km അകലെ മുക്കം ഗ്രാമപഞ്ചായത്തിൽ പ്രക് റിതി രമണീയമായ മണാശ്ശേരി ഗ്രാമത്തിലാണ് ഈ വിദ്യാലയം സ്ഥിതി ചെയ്യുന്നത്. മുക്കംഓർഫനേജ് കമമററി നടത്തുന്ന ഈ സ്ഥാപനം അക്കാദമിക രംഗത്തും പാഠ്യേതര പ്രവർത്തനങ്ങളിലും ധാർമിക നിലവാരത്തിലും ഏറെ മുൻപിലാണ് . മുക്കം നഗരത്തിന്റെ ഹൃദയഭാഗത്തായി സ്ഥിതി ചെയ്യുന്ന ഒരു എയ്ഡഡ് വിദ്യാലയമാണ് **എം. കെ.എച്ച്.എം.എം.ഒ. .എച്ച്. എസ്സ്.എസ്സ് മണാശ്ശേരി. ഓർഫനേജ് സ്കൂൾ** എന്ന പേരിലാണ് പൊതുവെ അറിയപ്പെടുന്നത്. മുക്കം മുസ്ലീം ഓർഫനേജ് കമമററി 1993-ൽ സ്ഥാപിച്ച ഈ

വിദ്യാലയം കോഴിക്കോട് ജില്ലയിലെ ഏറ്റവും നല്ല വിദ്യാലയങ്ങളിലൊന്നാണ്. 2000-ത്തിൽ വിദ്യാലയത്തിലെ ഹയർ സെക്കണ്ടറി വിഭാഗം പ്രവർത്തനമാരംഭിച്ചു.

മൂന്ന് ഏക്കർ ഭൂമിയിലാണ് വിദ്യാലയം സ്ഥിതി ചെയ്യുന്നത്. ഹൈസ്കൂളിന് 2 കെട്ടിടങ്ങളിലായി 15 ക്ലാസ് മുറികളും ഹയർ സെക്കണ്ടറിക്ക് ഒരു കെട്ടിടത്തിലായി 10 ക്ലാസ് മുറികളുമുണ്ട്. അതിവിശാലമായ ഒരു കളിസ്ഥലം വിദ്യാലയത്തിനുണ്ട്.

ഹൈസ്കൂളിനും ഹയർസെക്കണ്ടറിക്കും വെവ്വേറെ കമ്പ്യൂട്ടർ ലാബുകളുണ്ട്. രണ്ട് ലാബുകളിലുമായി ഏകദേശം 35 കമ്പ്യൂട്ടറുകളുണ്ട്. രണ്ട് ലാബുകളിലും ബ്രോഡ്ബാന്റ് ഇന്റർനെറ്റ് സൗകര്യം ലഭ്യമാണ്.എല്ലാ ക്ലാസ് റൂമുകളും ഹൈടെക് ആണ്, ഒരോ ക്ലാസ്സ് റൂം മുകളിലേക്കും ഇൻററനെറ്റ് സൗകര്യവും ലഭ്യമാണ്



# സംസ്ഥാന കലോത്സവത്തിൽ മുഴങ്ങിയ ശബ്ദം

മൈമൂനടീച്ചർ

## കലോത്സവ വേദിയിൽ മിന്നുംതാരമായി മുഹമ്മദ് ഷിഹാദ്

2016-ൽ M.K.H.M.M.O.H.S-ൽ എട്ടാം ക്ലാസിലെത്തിയ ഷിഹാദ് തന്റെ കലാ വൈഭവം പ്രകടിപ്പിക്കാൻ തുടങ്ങി. മാപ്പിള പാട്ടിലൂടെ തന്റെ ഇടം കണ്ടത്തിയപ്പോൾ ഉറുദു കവിതയും ഗസലും ഷിഹാദിൻ വഴങ്ങുമെന്ന് ഉറുദു ടീച്ചറായ മൈമൂന ടീച്ചർക്ക് മനസ്സിലായി. അങ്ങനെ ഉറുദു കവിതയും ഗസലുകളും പഠിപ്പിക്കാൻ തുടങ്ങി. ഷിഹാദിന്റെ പിതാവിന്റെയും അധ്യാപകരുടെയും തുണയും കൂടിയായപ്പോൾ ഈ കലാക്കാരൻ ഉയരങ്ങൾ താണ്ടി.അങ്ങനെ രണ്ട്പ്രാവശ്യം കോഴിക്കോട് ജില്ലയുടെ പൊൻതുവലായി.



# ഗുരുസ്മരണയിൽ മുഹമ്മദ് ഷിഹാദ് പാടി നേടി

വടകര: രണ്ടാംതവണയും ഉറുദു പദ്യത്തിൽ ഒന്നാംസ്ഥാനം നേടി താരമായിരിക്കുകയാണ് മുഹമ്മദ് ഷിഹാദ്. പ്രശ്സ്ത ഉറുദു കവി ഷബീറിന്റെ 'മാ' എന്ന പദ്യമാണ് മുഹമ്മദ് ഷിഹാദിനെ സംസ്ഥാന തലത്തിലേക്ക് വീണ്ടുമെത്തിച്ചത്. ഗുരുവായ ഗസൽ സംഗീതജ്ഞൻ ആവാസ് അബ്ദുറഹ്മാന്റെ ശിക്ഷണമാണ് ഷിഹാദിന്റെ കരുത്ത്.

കഴിഞ്ഞതവണ ജില്ലയിൽ ഒന്നാം സ്ഥാനം നേടി സംസ്ഥാന തലത്തിലേക്ക് പോകുന്നതിന് മുൻപ് ഗുരുവിന്റെ ദേഹവിയോഗം ഈ കൊച്ചുകലാകാരനെ വല്ലാതെ ഉലച്ചിരുന്നു. ഉമ്മയെക്കുറിച്ചുള്ള കവിത അർഥസമ്പുഷ്ടമാക്കി ചൊല്ലിയാണ് എം.കെ.എച്ച്.എം.എം.ഒ ഹയർ സെക്കൻഡറി മണാശേരിയിലെ പത്താം ക്ലാസ് വിദ്യാർഥി മുഹമ്മദ് ഷിഹാദ് ഒന്നാംസ്ഥാനത്തെത്തിയത്. അധ്യാപികയായ മൈമൂനയും പിതാവുമാണ് ഷിഹാദിന്റെ ഇപ്പോഴത്തെ ഗുരുക്കൻമാർ. വെണ്ണക്കോട് അബ്ദുറസാഖിന്റെയും സക്കീനയുടെയും മകനാണ്.

അറിവിന്റെ മധുനകരാൻ ബീഹാറിൽ നിന്ന് കേരളത്തിൽ എത്തിയ വൃദ്യാർത്തികളായ ഷഹാദത്ത്, മുഹമ്മദ് മെഹർബാൻ ആലം ഇംത്തിയാസ് ആലം ഇന്ന് മുക്കം മുസ്ലീം ഓർഫനേജിൽ HS കലാപ്രതിഭകളായി മാറി.ഉറുദു കവിതാരചന, ക്വിസ്, കഥാരചന, ഉപന്യാസം എന്നീ ഇനങ്ങളിൽ സംസ്ഥാന തലം വരെ മൂന്ന വർഷം തുടർച്ചയായി എതിരാളികളെ വിസ്മയിപ്പിച്ച്കൊണ്ട് തിളങ്ങുന്ന വിജയം കൈവരിക്കാൻ ഈ വിദ്യാർത്തികൾക്ക് സാധിച്ച.

# കോഴിക്കോടിന് പോയന്റുകൾ കൊയ്തു കൊടുക്കുന്ന പ്രതിഭകൾ



ശഹാദത്ത് 10B

57 കേരളസംസ്ഥാന സ്കൂൾ കലോത്സവത്തിൽ ബിഹാർ സ്വദേശിയായ മുഹമ്മദ് ശഹാദത്ത് ഉറുദു കവിതാരചനയിൽ എ ഗ്രേഡ് നേടി സ്കൂളിന് അഭിമാനമായി പത്താംക്ലാസിൽ പഠിക്കുന്ന ശഹാദത്ത് 2018 19 വിദ്യാഭ്യാസ വർഷം സ്കൂൾ സബ്ജില്ല ജില്ലാതലങ്ങളിൽ വിവിധ മത്സരങ്ങളിൽ പങ്കെടുത്തു സമ്മാനങ്ങൾ വാരിക്കൂട്ടി സ്കൂളിൻറെ യശസ്സ് വാനോളം ഉയർത്തുന്നതിൽ പ്രധാന പങ്ക് വഹിച്ചിട്ടുണ്ട് സാദത്തിനെ വിജയങ്ങൾക്ക് പിന്നിൽ പ്രധാനമായും ഉറുദു അദ്ധ്യാപിക മൈമൂന ടീച്ചറാണ് അതുപോലെതന്നെ mma ആർ മനേജ് മാനേജ്മെൻറ് ജയം അധ്യാപകരുടേയും പ്രോത്സാഹനവും വിജയങ്ങളിൽ നിന്ന് വിജയത്തിലേക്ക് പറക്കാൻ അതിന് സഹായകമായി



മർഹബൻ, ശഹാദത്ത്, ഇംതിയാസ് ആലം, മുഹമ്മദ് അൽത്തമിഷ

## മികവ് പുലർത്തി ബീഹാരി വിദ്യാർത്ഥികൾ

മുക്കം: സംസ്ഥാന സ്കൂൾ കലോത്സവത്തിൽ മികവ് പുലർത്തി മ
ക്കം യതീംഖാന അന്തേവാസികളായ ബീഹാരി വിദ്യാർത്ഥികൾ. ന
ലു വർഷം മുമ്പ് പാലക്കാടുവെച്ച് 'മനുഷ്യക്കടത്ത്' ആരോപിച്ച് പ
ടികൂടി നാട്ടിലേക്കു തിരിച്ചയക്കപ്പെട്ട വിദ്യാർത്ഥികളായ മുഹമ്മ
അൽത്തമിഷ് (ഉറുദു ക്വിസ്), ഇംതിയാസ് ആലം (ഉറുദു കഥാരച
ന, ഹയർ സെക്കണ്ടറി സ്കൂൾ), ശഹാദത്ത് (ഉറുദു കഥാരചന, ഹൈ
സ്കൂൾ), മർഹബൻ (ഉറുദു പദ്യ രചന) എന്നിവരാണ് എ ഗ്രേഡോ
ടെ തിളങ്ങിയത്. ഇംതിയാസ് ആലം കഴിഞ്ഞ വർഷവും എ ഗ്രേഡ്
നേടിയിരുന്നു.

# അറിവിൻ തിളക്കം ....മലയാളത്തിളക്കം

പ്രസീത ടീച്ചർ

പല കാരണത്താൽ പഠനത്തിൽ പിന്നോക്കക്കാരായ പോയ വിദ്യാർത്ഥികളെ മറ്റുള്ളവർക്കൊപ്പം എത്തിക്കുക എന്ന ലക്ഷ്യത്തോടെ തുടക്കമിട്ട പദ്ധതിയാണ് മലയാളത്തിളക്കം എല്ലാ ചിന്താ വികാസത്തെ കാരണമാകുന്നത് എന്നതിൻറെ അടിസ്ഥാനത്തിൽ ആദ്യം മലയാള ഭാഷയിൽ എഴുതാനും വായിക്കാനും




നേടുക എന്നതാണ് മലയാളത്തിളക്കം പദ്ധതിയിലൂടെ ലക്ഷ്യം വയ്ക്കുന്നത് അധ്യാപകർക്കു ലഭിച്ച ഇന്നത്തെ തുടർന്ന് എല്ലാ സ്കൂളുകളിലും 8 ദിവസം മലയാളത്തിളക്കം ക്ലാസ് നടന്നു മണാശേരി എം കെ എച്ച് എം എച്ച് എസ് എസിൽ എട്ട് ദിവസത്തെ പരിശീലന പരിപാടി നീ സ്കൂൾ ഹെഡ്മാസ്റ്റർ മാസ്റ്റർ ജാഫർ മാസ്റ്റർ ഉദ്ഘാടനം ചെയ്തു മലയാളം അധ്യാപകരാണ് പ്രസീദ എന്നിവരുടെ നേതൃത്വത്തിൽ എല്ലാ അധ്യാപകരുടെയും ഇടപെടലോടെ നടന്നു

അവളിലൂടെ അക്ഷരങ്ങൾ പരിചയപ്പെടുത്തുന്ന ഈ പഠന രീതിയിൽ കഥകളും വീഡിയോ ദൃശ്യങ്ങളും ഉൾപ്പെടുത്തിയത് വിദ്യാർഥികളിൽ താൽപ്പര്യം വർദ്ധിക്കും ഈ താല്പര്യം വർദ്ധിച്ചുവരുന്ന കാഴ്ചയാണ് പിന്നീട് കണ്ടത് പലപ്പോഴും അശ്രദ്ധ കൊണ്ടാണ് തങ്ങൾ പഠനത്തിൽ പിന്നോക്കക്കാരായ പോയതെന്ന് തിരിച്ചറിഞ്ഞു പ്രത്യേകം ശ്രദ്ധേയമാണ് എട്ട് ദിവസത്തെ ക്ലാസ്സ് കഴിഞ്ഞപ്പോൾ കുട്ടികളിൽ വിസ്മയകരമായ പുരോഗതി ഉണ്ടായത് പരിപാടിയിൽ നിരീക്ഷകരായ എത്തിയ ബി ആർ സി ഉദ്യോഗസ്ഥരും രക്ഷിതാക്കളും സംതൃപ്തി രേഖ ഏത് സംഘാടകർക്ക് സന്തോഷം ഏകി എഴുതാനും വായിക്കാനും അറിയാത്തതുകൊണ്ട് ഞാൻ കാണിക്കാതിരുന്ന കുട്ടികൾ അണികളിൽ പഠനകാര്യങ്ങളിൽ അതെന്ന് അദ്ധ്യാപകർക്ക് ആദിയോഗി തുടർന്നുനടന്ന അർദ്ധവാർഷിക പരീക്ഷ കുട്ടികൾ നേടിയ മേഘം തിളക്കം പരിപാടിയുടെ വിജയത്തിളക്കം ആയി

# വിജയോത്സവം 2018 19

മൻസൂർ അലി ടി പി വിജയോത്സവം കൺവീനർ

ഒരോ വിദ്യാർഥിയുടെയും സ്കൂൾ ജീവിതത്തിലെ പ്രധാനപ്പെട്ട വർഷമാണ് പത്താംക്ലാസിൽ പഠിക്കുന്ന കാലം. എസ് എസ് എൽസി എളുപ്പത്തിൽ പാസാകാൻ കഴിയുമെങ്കിലും ഉയർന്ന ഗ്രേഡും നല്ല അറിവും ഉണ്ടെങ്കിൽ മാത്രമേ തുടർ പഠനങ്ങൾക്ക് വേണ്ടത്ര ഉപകാരപ്പെടുക യുള്ളൂ. ജീവിതത്തിലും പരീക്ഷയിലും എപ്ലസ് നേടുക എന്ന വലിയ ലക്ഷ്യം മുന്നിൽ വെച്ചാണ് എം കെ എച്ച് എം എം ഒ എച്ച് എസ് എസിൽ ഈവർഷത്തെ വിജയോത്സവംപദ്ധതിക്ക് തുടക്കംകുറിച്ചത്.




പാഠഭാഗങ്ങൾ എല്ലാം കാര്യക്ഷമമായി നേരത്തെതന്നെ തീർക്കാൻ അദ്ധ്യാപകർ പ്രത്യേകം ശ്രദ്ധിച്ചു. കോഴിക്കോട് ജില്ലാ പഞ്ചായത്തംഗം നവാസ് പൂനൂർ 9 6 2018 ഈ പദ്ധതി ഔപചാരികമായി ഉദ്ഘാടനം ചെയ്തു. പ്രഭാത ക്ലാസുകളും വൈകുന്നേരങ്ങളിൽ അധികപഠനസമയം കണ്ടെത്തിയും വിജയോത്സവം പദ്ധതി മുന്നോട്ടുപോയി. ഓരോ കുട്ടിയുടെയും പഠനവുമായി ബന്ധപ്പെട്ട എല്ലാ രേഖകൾക്കും ഒരിഫയൽ എന്ന സംവിധാനം ഒരുക്കി. അധ്യപകർക്കും രക്ഷിതാക്കൾക്കും കുട്ടികളുടെ നിലവാരങ്ങൾ നേരിട്ട് മനസ്സിലാക്കാനും പരിഹാരങ്ങൾ കണ്ടെത്താനും സഹായകമായി. ഗ്രഹ സന്ദർശനമായിരുന്ന മറ്റൊരു പ്രത്യേകത ഒരോകുട്ടിയും ഏതെല്ലാം സാഹചര്യങ്ങളിലൂടെയാണ് അദ്ധ്യാപകന്റെ മുന്നിലെത്തുന്നത് എന്ന് മനസിലാക്കാൻ ഇതിലൂടെ സാധിച്ചു. 8 കുട്ടികളുടെ വെച്ച് ഓരോ അധ്യാപകനും നൽകുന്ന ദത്തെടുക്കൽ പദ്ധതി ഏറെ പ്രയോജനം ചെയ്തു. തൻറെ കീഴിലുള്ള 8 കുട്ടികൾക്ക് വേണ്ട എല്ലാ നിർദ്ദേശങ്ങളും നൽകാൻ ബന്ധപ്പെട്ട അധ്യാപകർ പ്രത്യേകം ശ്രദ്ധിച്ചു. ക്രിസ്തുമസ് അവധിക്കാലത്ത് പ്രത്യേക ക്ലാസുകൾ സംഘടിപ്പിച്ചു.പ്രശസ്തരായ സൈകോളജിസ്റ്റുകളുടെ മോട്ടിവേഷൻ ക്ലാസുകളും കുട്ടികൾക്ക് നൽകി. അധ്യാപകരും രക്ഷാകർത്താക്കളും പലതവണ ഒരുമിച്ചിരുന്ന

കുട്ടികളുടെ പഠന പുരോഗതി വിലയിരുത്തി. ജനവരി പത്താം തീയതി തന്നെ എസ്എസ്എൽസി ക്യാമ്പ് ആരംഭിക്കാൻ കഴിഞ്ഞു എന്നതാണ് മറ്റൊരു പ്രത്യേകത. പഠന നിലവാരത്തിനനുസരിച്ച് അവർക്ക് പ്രത്യേകം പ്രത്യേകം പഠനരീതികൾനൽകാൻ വൈവിധ്യമാർന്ന ഒരു ടൈംടേബിൾ തന്നെയാണ് ക്രമീകരിച്ചിരിക്കുന്നത്. വിവിധ പിയർ ഗ്രൂപ്പുകൾ തമ്മിലുള്ള പഠനവും, സംഘ പഠനവും, അധ്യാപകർ നൽകുന്ന ക്ലാസുകളും, ഉച്ചയ്ക്കുശേഷം നടക്കുന്ന പരീക്ഷയും, ഉത്തരപേപ്പറുകളുടെ മൂല്യനിർണയവും ഈ വർഷത്തെ ക്യാമ്പിന്റെ പ്രത്യേകതകളാണ്. അധ്യാപകർക്കും വിദ്യാർത്ഥികൾക്കും ക്യാമ്പിന്റെ പുരോഗതി അതാതു ദിവസം തനെ വിലയിരുത്താൻ കഴിയും . ജനവരി 19 ന് നടന്ന സുഹൈൽ സാർ അരീക്കോടിന് മോട്ടിവേഷൻ ക്ലാസ് കുട്ടികളിൽ പുത്തനുണർവ്വും പഠനത്തിനുള്ള താൽപര്യവും ലക്ഷ്യബോധവും വർദ്ധിപ്പിച്ചിട്ടുണ്ട്. എല്ലാകുട്ടികൾക്കും ഉയർന്ന ഗ്രേഡുകളോടു കൂടിയുള്ള നൂറ് ശതമാനം വിജയമാണ് പ്രതീക്ഷിക്കിന്നത. അതിനായി നമുക്ക് പ്രാർത്ഥിക്കാം..പ്രവർത്തിക്കാം........



# വൈക്കം മുഹമ്മദ് ബഷീർ



അജന്യ

എന്തൊരു മാധുരമായ വാക്കുകളും പ്രയോഗങ്ങളും കൊണ്ട് മലയാളസാഹിത്യത്തിൽ സ്വന്തമായൊരു സാമ്രാജ്യം സൃഷ്ടിച്ച എഴുത്തുകാരൻ. വൈക്കത്തിനടുത്ത് തലയോലപ്പറമ്പിൽ 1908 ജനവരി 21 ന് ജനിച്ചു.ബേപ്പൂർ സുൽത്താൻ എന്ന അപര നാമത്തിൽ ശ്രദ്ധേയനായി. അനുകരിക്കാനാവാത്ത ഭാഷയുടെ ഉടമ. ഇന്ത്യൻ നാഷണൽ കോൺഗ്രസിൽ ചേർന്ന് സ്വാതന്ത്ര്യ സമരത്തിൻറെ ഭാഗമായി കോഴിക്കോട്ടുനടന്ന ഉപ്പുസത്യാഗ്രഹത്തിൽ പങ്കുകൊണ്ടു. അതുകൊണ്ട് മർദ്ദനത്തിന് ഇരയാവുകയും ജയിൽ ശിക്ഷ അനുഭവിക്കുകയും ചെയ്തു

10 വർഷം ഇന്ത്യയൊട്ടാകെ സഞ്ചരിച്ച വിദേശ നാടുകളിലും സഞ്ചരിച്ചു. ഹിമാലയസാനുക്കളിലും സംഘ തീരത്തും സന്യാസിയായി അനവധിയാണ് സൂഫിയായും ജീവിച്ചു.പല ഭാഷകളും ഈ കാലയളവിൽ ഹൃദിസ്ഥമാക്കി. പാചകക്കാരൻ, മാജിക്കുകാരൻ സഹായി, കൈനോട്ടക്കാരൻ, ഗേറ്റ് കീപ്പർ ഉടങ്ങിയ പല ജോലികളും ഇദ്ദേഹം ചെയ്തിട്ടുണ്ട് കോഴിക്കോടിനടുത്തുള്ള ബേപ്പൂരാണ് കുടുംബമായി താമസിച്ചിരുന്നത്. 1994 ജൂലൈ 5 ന് മലയാളസാഹിത്യത്തിലെ നിത്യ വിസ്മയമായ ഈ എഴുത്തുകാരൻ അന്തരിച്ചു . ചായകട

പ്രധാനകൃതികൾ

Q22 ബാല്യകാലസഖി, പാത്തുമ്മയുടെ ആട്, മതിലുകൾ, ആനവാരിയും പൊൻകുരിശും, ശബ്ദങ്ങൾ, ആനപ്പൂട, ഓർമ്മക്കുറിപ്പ്, വിഡ്ഢികളുടെ സ്വർഗം, ജന്മദിനം

മുഖ്യ ബഹുമതികൾ

പത്മശ്രീ പുരസ്കാരം, കേന്ദ്ര സാഹിത്യ അക്കാദമി അവാർഡ്, കേരള സാഹിത്യ അക്കാദമി അവാർഡ്

ആസ്വാദനക്കുറിപ്പുകൾ

# സ്ഥലത്തെ പ്രധാന ദിവ്യൻ



ഫാത്തിമ നൂറ ഇ കെ

വൈക്കം മുഹമ്മദ് ബഷീറിനെ സ്ഥലത്തെ പ്രധാന ദിവ്യൻ എന്ന പുസ്തകം എനിക്ക് വളരെ അധികം ഇഷ്ടപ്പെട്ടു ഈ പുസ്തകത്തിൽ പ്രേമോപഹാരം, ചൊറിയാമ്പുഴ യുദ്ധം, സർക്കാർ നശിക്കട്ടെ, രക്തസാക്ഷിയുടെ തലയോട്, രണ്ട് പഴയ പിശാചുകൾ, ദിവ്യ സന്നിധിയിൽ, ഒരു ബ്ലൂ കാര്, വലിയൊരു ആഞ്ഞിലിത്തടി, കറുമ്പൻ ചേട്ടൻറെ കടാരി, ഇൻസ്പെക്ടർ തമാശ രാമൻ, ഇനിയങ്ങോട്ട് യുദ്ധമാണ്, കട്ടവനെ കൊല്ലും , ഹലി.....ഹലിയോഹലി.......ഹുലാലോ എന്നീ കഥകൾ സ്ഥലത്തെ പ്രധാന ദിവ്യൻ എന്ന പുസ്തകത്തിലുള്ളത്. വൈക്കം മുഹമ്മദ് ബഷീറിനെ എല്ലാ പുസ്തകങ്ങളും വളരെ രസകരമായ പുസ്തകങ്ങളാണ്.

1908 ജനവരി 19 ന് വൈക്കം താലൂക്കിൽ തലയോലപ്പറമ്പിൽ ജനിച്ച തലയോലപ്പറമ്പിൽ ഉള്ള മലയാളം സ്കൂളിലും വൈക്കം ഇംഗ്ലീഷ് സ്കൂളിലും പഠിച്ച 1994 ജൂലൈ അഞ്ചിന് നിര്യാതരായി

# ബാല്യകാലസഖി



പവിത്ര

ഈ പുസ്തകത്തിന്റെ ആമുഖം തന്നെയാണ് ഏറ്റവും നല്ല നിരൂപണം."ഇത് ജീവിതത്തിൽ നിന്നുംകീറിയെടുത്ത ഒരേടാണ്.വാക്കിൽ ചോര പൊടിഞ്ഞിരിക്കുന്നു "

മജീദും സുഹറയും അവരുടെ ബാല്യം,പ്രണയം,വിരഹം,വേദന ഇതൊക്കെയാണ് വൈക്കം മുഹമ്മദ് ബഷീറിന്റെ ബാല്യകാലസഖി.എന്നാൽ ഇത് മാത്രമല്ല ബാല്യകാലസഖി എന്നതാണ് ഈ ചെറിയ പുസ്തകത്തെ വേർപ്പെടുത്തിയിരിക്കുന്നത്.നമുക്ക് പരിചയമല്ലാത്ത ഒരു കാലഘട്ടത്തെ പരിചയപ്പെടുത്തുക എന്നൊരു മഹത്തായ ധർമ്മം കൂടി വഹിക്കുന്നുണ്ട് ബാല്യകാലസഖി.കൂടെ മലയാളം സാഹിത്യത്തിനു ഏറെയൊന്നും പരിചയമില്ലാത്ത ഒരു സംസ്കാരവും നമുക്ക് മുന്നിൽ അനാവൃദമാകുന്നത്.

ബാല്യകാലസഖി വായിക്കുമ്പോൾ ക്രമേണ ഞാൻ മജീദാവുകയും സുഹറയോട് പ്രണയം തോന്നുകയും ചെയ്തിട്ടുണ്ട്.

ഇത് ഈ പുസ്തകത്തിന്റെ മാത്രമല്ല.എല്ലാ ബഷീർ രചനകളുടെയും മാന്ത്രികതയാണ്.വായനക്കാർക്ക് കഥാപാത്രങ്ങളെ അവളിലേക്ക് ആവാഹിക്കുന്നത് മാറി കഥാപാത്രങ്ങൾ വായനക്കാർക്ക് അങ്ങോട്ട് ആവാഹികയുണ്ടായി ഈ ബാല്യകാലസഖിയിൽ.അതുകൊണ്ട് തന്നെ ഒറ്റയിരുപ്പിനുതന്നെ വായിച്ചു തീർക്കുന്നഈ പുസ്തകം വായിച്ചു കഴിയുമ്പോൾ നമ്മുടെ മനസൊക്കെ കലുഷിതമാകുന്നു ഈയൊരു അവസ്ഥയ്ക്ക് കാരണം മറ്റാരുമല്ല.അതിഷയോക്തി ഒട്ടും കലരാതെ,യാതാർത്ഥ്യംകൊണ്ടാണ് ഗ്രന്ഥകർത്താവ് ബാല്യകാലസഖിയെ നമുക്ക് സമ്മാനിച്ചത്.

ബഷീറിന്റെ ബാല്യകാലസഖി എന്നോർക്കുമ്പോൾആദ്യം തന്നെ മനസ്സിലേക്കോടിയെത്തുന്നത് മജീദിന്റെയും സുഹറയുടേയും നമ്മെ പോലെയുള്ള ബാല്യസൗഹൃദമാണ്.അതിനെ പ്രതിനിധീകരിക്കുന്ന മാഞ്ചുവട്ടം,അവരുടെ പ്രണയത്തിന്റെ സ്മാരകമായ ചെമ്പരത്തിച്ചെടിയും അവരുടെ വിരഹത്തിന്റെ മൂകസാക്ഷിയായ രാത്രികളുമാണ്.ഹോട്ടലിലെ പാത്രം കഴുകൽ കഴിഞ്ഞു മജീദ് സുഹറയെ ഓർത്തുകൊണ്ട് കഴിഞ്ഞ രാത്രികൾ.

നക്ഷത്രങ്ങൾ നിറഞ്ഞ നീലാകാശത്തിനു താഴെ ടെറസിൽ ചിരിച്ചുകൊണ്ട് ഉറങ്ങുന്ന സുഹൃത്തുക്കളുടെ നടുവിൽ കയറു കട്ടിലിൽസുഹറയെ ഓർത്തുകൊണ്ട് കിടക്കുന്ന മജീദ്.ഇങ്ങനെയൊരു ചിത്രം ബഷീർ സംകൽപ്പിച്ചിട്ടു
ണ്ടോഎന്നെനിക്കറിയില്ല. എന്നാൽ ഞാൻ ഓർക്കുന്ന ആദ്യ ചിത്രം ഈ രാത്രിയുടേതാണ്.

വളരെ ചെറുപ്പത്തിൽ തന്നെ മജീദും സുഹറയും സുഹൃത്തുക്കളായിരുന്നു.എന്നാൽ അതിനുമുമ്പ് അവർ ശത്രുക്കളും ആയിരുന്നു. അവരുടെ ബാല്യകാലത്ത് നഖക്ഷതങ്ങളുടെ എരിവും മാമ്പഴത്തിന്റെ മധുരവും ഉണ്ടായിരുന്നു.


കഥ തുടങ്ങുമ്പോൾ ഏതൊരു സാധാരണ ബാല്യം പോലെയും കുസൃതിനിറഞ്ഞതുമായ ഒരു ബാല്യമാണ്.എന്നാൽ ആ ബാല്യം വെറുതെയങ്ങ് പറഞ്ഞുപോവുകയല്ല ബഷീർ ചെയ്തിരികുന്നത്.മറിച്ച് ആബാല്യം നമ്മെ അനുഭ
വിപ്പിക്കുകയാണ്.അതുകൊണ്ട് തന്നെ മജീദിന്റെയും സുഹറയുടേയും ബാല്യം നമ്മുടെ സ്വന്തം ബാല്യത്തെ പോലെ നമ്മുടെ ഹൃദയത്തോട് ചേർന്ന് നിൽക്കുന്നു. അങ്ങനെ ബാല്യത്തിൽ തന്നെ മജീദും സുഹറയും നമ്മുടെ ഹൃദയത്തോട് കീഴടക്കുന്നു.അവരുടെ ശത്രുതയും സൗഹൃദവും നമ്മളും അനുഭവിക്കുന്നു.

"ചെറുക്കാ ആ മുയുത്ത രണ്ടും മുന്നും കണ്ടത് ഞാനാ" എന്നു പറയുന്ന സുഹറയെ നമ്മൾക്ക് എങ്ങനെ സ്നേഹിക്കാതിരിക്കാനാവും അതുപോലെ "ഓ മിശ്റ് കടിക്കുവല്ലൊ! "എന്ന് പരിഹാസത്തിൽ ചവിട്ടിമാവിൽ കയറിയ മജീദി
നേയും .

മജീദിനും ബഷീറിനും കാണുന്ന മറ്റൊരു സമാനധ,ചെടികളിലുള്ള താൽപ്പര്യമാണ് ബഷീറിന്റെ ജീവിതത്തിലും പുസ്തകങ്ങളിലും ഒരു പോലെ പച്ച പിടിച്ചു നിൽക്കുന്നതാണ് ബഷീറും ചെടികളും തമ്മിലുള്ള ആത്മബന്ധം.

എത്ര മനോഹരമായ എഴുത്തുകാരനാണ് വൈക്കം മുഹമ്മദ് ബഷീർ. എത്ര മനോഹരമായ കൃതികൾ അദ്ദേഹം രചിച്ചു.എത്ര മനോഹമായ നോവലുകളി
ൽ ഒരു നോവലാണ് ഇത്.

# മതിലുകൾ



ഹുസ്സൽ മുബാറക്

ബേപ്പൂർ സുൽത്താൻ എന്ന് ഇരട്ട പേരിട്ട് വിളിക്കുന്ന വൈക്കം മുഹമ്മദ് ബഷീർ എഴുതിയ പ്രശസ്തമായ ഒരു നോവലാണ് മതിലുകൾ.മതിലുകൾ എന്ന പേരിൽ അറിയപ്പെടുന്നത് ഒരു ചെറിയ പ്രേമ കഥയേ കുറിച്ചാണ്.മതിലുക ളിൽ കഥാകൃത്തിന്റെ ജയിൽ വാസം വർണ്ണനാവിഷയമാകുന്നുണ്ട്.ഈ കഥ പോലീസ് മർദ്ദനങ്ങളെ കുറിച്ചോ രാഷ്ട്രീയ തടവുകാർക്ക് അനുഭവിക്കേണ്ടിവന്ന ദുരിതങ്ങളെ കുറിച്ചോ അല്ല. ലോക്കപ്പിൽ നിന്നും അദ്ദേഹത്തെ ആരും തല്ലിയില്ല.അദ്ദേഹം ലോക്കപ്പിൽ നിന്നും കുറേ അധികം പോലീസ് കഥകൾ എഴുതിയിരുന്നു.അദ്ദേഹത്തിന് ഇതൊക്കെ എഴുതാനുള്ള ബുക്കും പേനയും പോലീസ് ഇൻസ്പെക്ടർ തന്നതാണ്.അതുപോലെ ജയിലിനുള്ളിലെ അന്തരീക്ഷം കഠിനമായിരുന്നു.ഭക്ഷണത്തിന് കോഴിമുട്ടയും പിന്നെ ചായയും കുടിക്കാം,ബീഡിവലിക്കാം,വായിക്കാം.അവിടെ വച്ച് ബഷീർ ബ്രിഡ്ജ് കളിക്കാനും പഠിച്ചിരുന്നു.എവിടെ നോക്കിയാലും മതിലുകളും വാതിലുകളും ഉണ്ടായിരുന്നു. വാർഡൻമാരും ജയിലറുമായും ജയിൽ സൂപ്രണ്ടുമായും അദ്ദേഹം രമ്യതയിൽ കഴിഞ്ഞു.ജയിൽ വളപ്പിൽ പനിനീർ ചെടികൾ നട്ട് പൂന്തോട്ടം ഉണ്ടാക്കിദിവസങ്ങൾകഴിഞ്ഞു.ഇതെല്ലാംഒരുപ്രേമകഥയുടെപശ്ചാതലവിവരണമാണ്.ബഷീറും നാരായണിയും തമ്മിലുള്ള പ്രേമകഥ.രണ്ടുപേരും പരസ്പരം കാണാതെ രൂപം അറിയാതെ സംസാരത്തിലൂടെ പ്രണയിച്ച കഥ.സ്വന്തം ജാതിമതങ്ങളേയും സൗന്ദര്യത്തേയും ഓർക്കാതെ നാരായണിയുടേയും ബഷീറിന്റെയും കഥയാണ് മതിലുകൾ.രണ്ട്മതിൽകെട്ടുകളുടെ പശ്ചത്തിലാണ് ഈ കഥനടക്കുന്നത്.ഇവർ തമ്മിലുള്ള പ്രണയം അറിയുന്നത് അണ്ണാൻകുഞ്ഞങ്ങൾക്ക് മാത്രമാണ്.ഇവർ സംസാരിക്കുമ്പോൾ ഇടയിൽ കയറിനിന്ന് ഇവരുടെ സംസാരംകേൾക്കുന്നതുംഅണ്ണാൻകുഞ്ഞുങ്ങളാണ്.ഇവരുടെ പ്രേമം തുടങ്ങുന്നത് ഒരു റോസാപ്പൂവിൽ നിന്നുമാണ്.ഇവരുടെ പ്രണയത്തെ ഒന്നിപ്പിക്കുന്നതും ഈ റോസാപ്പൂക്കളാണ്.ഇവർതമ്മിൽ കാണാനുള്ള തയ്യാറെടുപ്പിൽ നാരായണി ആശുപത്രിയിൽ വച്ച് കാണാം എന്ന് പറയുന്നു.എന്നാൽ അന്ന് തന്നെ അദ്ദേഹത്തിന്റെ റിമാന്റിൽ തടവ് കഴിയുകയും വിടുകയും ചെയ്യുന്നു.ഇതാണ് ഈകഥയുടെ അവസാനം.ബഷീർ എഴുതിയ പ്രണയകഥകളിൽ വച്ച് ഏറ്റവും അസാധാരണമായ ഒരു പ്രേമകഥ. സംഭവം കഴിഞ്ഞു കൊല്ലങ്ങൾക്ക് ശേഷം ഏകാന്തതയിൽ നുണഞ്ഞാസ്വദിക്കുന്ന ഒരു പ്രേമകഥ.

# മുച്ചീട്ടുകളിക്കാരന്റെ മകൾ



സിബിൻ

മലയാളത്തിലെ പ്രസിദ്ധ എഴുത്തുക്കാരനായ വൈക്കം മുഹമ്മദ് ബഷീറിന്റെ പ്രസിദ്ധമായൊരുകഥയാണ്-മുച്ചീട്ടുകളിക്കാരന്റെ മകൾ.

സമുദായത്തിലെ ഓരോ വിഭാഗക്കാരുടെയും സംസാരം സംസാരിക്കുവാനും, വിചാരങ്ങൾ വിചാരിക്കാനും കഴിവുള്ള അപൂർവ്വ കലാകാരനാണ് ബഷീർ.ഈ കഥ വായിക്കുമ്പോൾ തന്നെ വായനക്കാരന് അത് മനസ്സിലാവുന്നു.പല കട്ടുക്കട്ടി വാക്യങ്ങളും തന്റേതായ ലളിതമായ ഭാഷയിൽ പ്രയോഗിച്ച് വായനക്കാരന്റെ മനസ്സ് ബഷീർ കവർന്നെടുക്കുന്നു.ഈ കഥയും അത്തരത്തിലുള്ള ഒന്നാണ്.ഈ കഥയിലെ ഒറ്റക്കണ്ണൻ പോക്കരേയും ആന വാരി നായരേയും മാഞ്ഞൂഞ്ഞിനേയും ഒന്നും മറക്കാൻ സാധിക്കില്ല.നിഷ്കളൻകരായ നാട്ടുകാരെയാണ് ഈ കഥാപാത്ര ങ്ങൾ എടുത്തു കാണിക്കുന്നത്.വളരെ രസകരമായൊരു പുസ്തകമാണിത്.മണ്ടൻ മുത്തപ്പയേയും ഒറ്റക്കണ്ണൻ പോക്കരേയും മുഖ്യ കഥാപാത്രങ്ങളാക്കി കൊണ്ടാണ് കഥ എഴുതിയിട്ടുള്ളത്.ഈ കഥയുടെ ആശയം വളരെ ലളിതമായ രീതിയിൽ വായനക്കാരന് മനസ്സിലാവുന്നു.ഒറ്റക്കണ്ണൻ പോക്കർക്ക് ഒറ്റക്കണ്ണ് മാത്രമേ ഉണ്ടായിരുന്നുള്ളൂ. ഇദ്ദേഹത്തിന്റെ ശിഷ്യനാണ് മണ്ടൻ മുത്തപ്പ.ഈ കഥ വളരേ രസകരമായാണ് ബഷീർമുന്നോ ട്ട് കൊണ്ട് പോകുന്നത്. ജനങ്ങൾ ഒറ്റകണ്ണൻ പോക്കരുടെ സൈഡിലായിരുന്നു. കാരണം -മുച്ചീട്ടുകളിക്കാരനായ ഒറ്റകണ്ണൻ പോക്കർ ഈ കളിയിൽ ഒറ്റകണ്ണൻ പോക്കരെ എതിർത്ത് ജയിച്ചവർ ആരും ഉണ്ടായിട്ടില്ല. ഒറ്റകണ്ണൻ പോക്കരുടെ ഒരേയൊരു മകളായിരുന്നു സൈനബ .മണ്ടൻ മുത്തപ്പക്കും സൈനബക്കും തമ്മിൽ ഇഷ്ടമായിരുന്നു. എന്നാൽ മുത്തപ്പയുടേയും പോക്കരുടെയും ശത്രുത കാരണം ഈകാര്യം തുറന്ന് പറയാൻ കഴിഞ്ഞില്ല. വളരേ ഹാസ്യകഥാപാത്രമാണ് മുത്തപ്പ. ഒപ്പം ഒരു നല്ല മനസ്സിനുടമകൂടിയാണദ്ദേഹം.മുച്ചീട്ടുകളിയിൽ ആർക്കും തന്നെ തോൽപ്പിക്കാനാവില്ല എന്നായിരുന്നു പോക്കരുടെ വെല്ലുവിളി.എന്നാൽ സൈനബയുടെ സഹായത്തോടെ പോക്കരെ തോൽപ്പിക്കുകയും തനിക്ക് മാസവരുമാനം നൽകുന്ന ചായക്കടയും മുത്തപ്പനിർമ്മിച്ചു.പോക്കർ പാപ്പരായിത്തീർന്നു. മകളുടെ ചതിയുടെ പേരിൽ പോക്കർ പെൺ കുലത്തെ തന്നെ വെറുക്കുന്നു .മുത്തപ്പയുടേയും സൈനബയുടേയും വിവാഹം നടക്കുന്നു .

ഇതാണ് കഥാ മുഹൂർത്തങ്ങൾ .ഈ കഥയിലെ കഥാപാത്രങ്ങളേയെല്ലാം നമുക്ക് നിത്യജീവിതത്തിൽ കാണാൻ സാധിക്കുന്നു.

കഥ

# ഉറ്റു തീരാത്ത കണ്ണുനീർ

ഫാത്തിമ ഹന്നത്

ഇന്ന് ഞാൻ വൈകിയാണ് ഉണർന്നത് . വിശന്നിട്ട വയ്യ പത്തിരി കാഴിച്ച കുളിക്കാനിറങ്ങി മഞ്ഞിൽ എല്ലാ സ്ഥലവും മൂടിയിരുന്നു പച്ചപ്പരവതാനി പട്ടുനൂൽ കൊണ്ട് ചെയ്തത് പോലുണ്ട് കുറെ നേരം നോക്കി നിന്നു പെട്ടന്ന് ഉമ്മയുടെ വിളി ഓടി വീട്ടിലെത്തി നല്ലപോലെ വിയർത്തിരുന്നു പൂച്ചട്ടി യിലെ പുല്ല് പറിക്കാൻ ഇറങ്ങി. തലയ്ക്ക നേരെ എത്തിയിട്ടുണ്ട് മരുഭൂമി പോലെയുണ്ട് തല .എല്ലാവരുടെയും അലക്കും കുളിയും കഴിഞ്ഞു ഞാൻ അലക്കി കഴിഞ്ഞു . ആ വെള്ളത്തിൽ കയ്യിട്ട കളിക്കുകയാണ് എൻറെ തലയുടെ മേലെ എന്തോ പാറിക്കളിക്കുന്നു ഞാൻ ശ്രദ്ധിച്ച നോക്കി അതാ ഒരു ചെമ്പരത്തി കൊമ്പിൽ ഒരു 7 വർണ്ണമുള്ള തത്ത.. എനിക്ക് സന്തോഷം അടക്കാനായില്ല ഞാൻ അതിനെ അടുത്തേക്ക് പോയി തത്ത മാറിയില്ല ഗർ ശബ്ദത്തോടെ ഉച്ചത്തിൽ കരയുന്നു .വെള്ളം പാട്ടയിൽ എടുത്ത് തത്തക്ക് വെള്ളം നൽകി. വെള്ളം തത്ത കുടിച്ച എൻറെ ജീവിതത്തിലേക്ക് പുതിയ കൂട്ടുകാരി .ആ രാത്രി ഉറങ്ങാൻ കഴിഞ്ഞില്ല ഈ സന്തോഷം അധികം നിന്നില്ല അന്ന് രാവിലെ എഴുന്നേറ്റ നേരെ ഓടിയത് ചെമ്പരത്തി മരത്തിൻറെ അടുത്തേക്കാണ് സങ്കടങ്ങളുടെ കവിളിലൂടെ നീരുറവ കൊട്ടിയൂർ പൊട്ടിയിരുന്നു. ഒരിറ്റു കണ്ണുനീർ ഭൂമിയിലെത്തി.. ഭൂമിയും സകല ജീവ ജന്തുക്കളും കരയാൻതുടങ്ങി

കവിത

# ഓർമ

അജ്മൽ ഫവാസ് 10c

കൊഴിഞ്ഞു പോയ നിമിഷങ്ങൾ

നഷ്ടമായ ഏറെക്കുറെ നാളുകൾ

മായാത്ത സൗഹൃദം മുഖങ്ങൾ

അങ്ങനെ ഇതൊക്കെ തെന്നിമാറി

അങ്ങ് എവിടേക്കോ തെന്നിമാറി

ചക്രമണം എന്നിൽ അകലെയായി

നീങ്ങിത്തുടങ്ങി.......

അടർന്നു വീണു പോയ താളുകൾ

എൻ മിഴികളിൽ പതിഞ്ഞപ്പോൾ

താൻ കണ്ണീര് അതാ മൺതരികളിൽ സ്പർശിച്ച

ദൈവം പകരമായി എനിക്ക് സമ്മാനിച്ച

ഒത്തിരി ഓർമകൾ മാത്രം

മറവി ഒരിക്കലും നൽകിയില്ല ഞാൻ എന്നേ

ഓർമകൾ എന്ന താൻ മുതൽ കോട്ടിന്

ഏതാനും ചരട് കളാൽ കോർത്തിണക്കിയ

പിടി കയറായി ചില ഓർമ്മകൾ മാത്രം

ലേഖനം

# ലക്ഷ്യം

മുഹമ്മദ് നിയാസ് കെവി 10c

കലാലയ മൂല്യങ്ങളും വിദ്യാഭ്യാസ ഗുണനിലവാരവും ചോദ്യം ചെയ്യപ്പെട്ടുകൊണ്ടിരിക്കുന്ന കാലത്ത് മൂല്യങ്ങൾ കാത്തു സൂക്ഷിക്കാനും വിദ്യാഭ്യാസരംഗത്ത് ഉന്നതിയിൽ എത്തിച്ചേരുക എന്നതും ആവണം നമ്മുടെ ലക്ഷ്യം നിരന്തരമായ കഠിനാധ്വാനവും പരിശീലനവും കൊണ്ട് മാത്രമേ നെയ്യങ്ങൾ നേടിയെടുക്കാൻ ആവുകയുള്ളൂ ലക്ഷ്യബോധവും ആത്മനിയന്ത്രണവും ചേർന്ന് രോഗം ബോൾ ജീവിത വിജയം ആ സാധ്യമാവുമെന്ന് നമ്മൾ തിരിച്ചറിയണം തിരക്കുകൾ നിറഞ്ഞ ലോകത്ത് മത്സരങ്ങളാണ് ആരാ വിദ്യാർത്ഥിയേയും കാത്തിരിക്കുന്നത് അവിടെ വിജയിക്കണമെങ്കിൽ നിരന്തരമായ പ്രയത്നവും കാലം അഞ്ചിതമായ് മാറ്റങ്ങളും അനിവാര്യമാണ് ജീവിത വിജയം എത്തി പിടിക്കണമെന്ന് ലക്ഷ്യബോധമുള്ള ഒരു വിഭാഗമായി എൻറെ പ്രിയ വിദ്യാർഥികൾ കൂട്ടുകാർ മാറട്ടെ എന്ന് ആശംസിക്കുന്നു

# ഇന്ത്യക്ക് വേണ്ടി ഒരു ഫ്രീ കിക്ക്

മുഹമ്മദ് റാഫി സിപി 10c

2019 സന്തോഷ് ട്രോഫി കോടി ആയതിനാൽ കളി ആവേശം ആയാലോ ഫുട്ബോളിൻറെ സ്വന്തം രാജ്യമായത് ബ്രസീലാണ് ബ്രസീൽ ആവേശം കഴിഞ്ഞതേയുള്ളൂ പിന്നെ ഇന്ത്യൻ ഫുട്ബോളിന് പ്രതീക്ഷയുടെ മുനയിൽ എത്തിച്ചത് ഐഎസ്എൽ ആണ് ഇപ്പോൾ ഫുട്ബോളിനെ നെഞ്ചിലേറ്റി മലപ്പുറത്ത് സന്തോഷ് ട്രോഫിയും chilam ഉണ്ടാകാറുണ്ടല്ലോ ആവേശമായ് ഫുട്ബോൾ അംഗങ്ങൾ അതിനുമുമ്പ് ഫുട്ബോളിൽ ചിലത്

ലോകത്തിന് ഒന്നാന്തരം കളിയാണല്ലോ ഫുട്ബോൾ എന്നതിൽ തർക്കമില്ലല്ലോ ഒരു മൈതാനവും ഓരോ പന്തും ഉണ്ടെങ്കിൽ പിന്നെ ജാതിയുമില്ല മതവുമില്ല മുമ്പും നോക്കാതെ ആവേശ പോരിന് കളിയാണ് കാണാൻ കഴിഞ്ഞിട്ടുള്ളത് കാറ്റിൽ പറക്കുന്ന കരിയിലകളെ പോലെ പാറിവീഴുന്ന പന്തിന് പേടിക്കാൻ ഗോൾകീപ്പർ കഴിയാത്തപ്പോൾ തലയിൽ കൈ വെക്കാത്തവർ ഗാലറിക്ക്അറിയില്ല എന്നാലും 121 കോടി ജനങ്ങളുള്ള ഈ ഇന്ത്യയിൽനിന്ന് ഒരു ടീമും ലോകകപ്പിൽ ഇല്ല ചിലരൊക്കെ ചോദിക്കും ഇന്ത്യയിൽ എന്താ ഓരോ 11 ആൺകുട്ടികളെ ഇറക്കാൻ കഴിയില്ലെന്ന് എന്നാലും കാത്തിരിക്കാം .

# ജെ ആർ സി കുട്ടികളെ നാടിന് സമർപ്പിച്ച്

സൂര്യകെ സതീഷ്

എം.കെ. എച്ച്. എം.എം.ഒ.എച്ച്.എസ്.എസ് മണാശ്ശേരി സ്കൂളിലെ ജെ. ആർ.സി വിദ്യാർഥികൾ ഒട്ടനവധി കാര്യങ്ങൾ ഈ വർഷം ചെയ്തു.ജൂൺ 5 ന് പരിസ്ഥിതിദിനത്തോടനുബന്ധിച്ച് വൃക്ഷങ്ങൾ നട്ടു പിടിപ്പിക്കുകയും കൂടാതെ മരം ഒരു വരം എന്ന സന്ദേശവുമായ് റാലി പോവുകയും ചെയ്തു. തുടർന്ന് അസംബ്ലിയിൽ പരിസ്ഥിതി ദിനവുമായി ബന്ധപ്പെട്ട് ഒരു പ്രതിജ്ഞ ചൊല്ലി കൊടുക്കുകയും ചെയ്തു.ആഗസ്റ്റ് 6 ഹിരോഷിമ നാഗസാക്കി ദിനവുമായി ബന്ധപ്പെട്ട് ഞങ്ങളുടെ സഹോദര സ്ഥാപനമായ മുക്കം ഓർഫനേജ് സ്കൂളിൽ നിന്ന് ആരംഭിച്ച റാലി മുക്കം ജംഗ്ഷനിൽ



അവസാനിച്ചു. പ്രളയത്തോടനുബന്ധിച്ച് മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിലേക്ക് പണം സംബാവന ചെയ്തു.8-ാം ക്ലാസിലേക്ക് പുതുതായി വന്ന വിദ്യാർഥികളെ ജെ. ആർ. സി യിലേക്ക് തിരഞ്ഞെടുത്ത് പ്രതിജ്ഞ ചൊല്ലി കൊടുത്തു.

# രജതജ്ജൂബിലി ആഘോഷ സമാപനവും, വി.മുഹമ്മദ്മോൻ ഹാജി അനുസ്മരണവും




കെ എം എ റഷീദ് സ്റ്റാഫ് സെക്രട്ടറി

മണാശ്ശേരി എം.കെ.എച്ച്.എം.എം.ഒ. ഹൈസ്കൂൾ രജത ജൂബിലി ആഘോഷ സമാപനം മുക്കം നഗരസഭാ ചെയർമാൻ, വി.കുഞ്ഞൻമാസ്റ്റർ ഉദ്ഘാടനം ചെയ്തു.പ്രധാനാധ്യാപകൻ എം.പി.ജാഫർ അധ്യക്ഷത വഹിച്ചു.മുൻ ജില്ലാ പഞ്ചായത്ത് മെമ്പറും യതീംഖാനാ സാരഥിയുമായിരുന്ന വി.മുഹമ്മദ്മോൻ ഹാജി അനുസ്മരണം, അബൂബക്കർ ഫൈസി മലയമ്മ നിർവ്വഹിച്ചു. ഇംഗ്ലീഷ് സാഹിത്യത്തിൽ ഡോക്ടറേറ്റ് നേടിയ ഒ.അനൂപിന് മാനേജർ വി.മോയിൻഹാജി ഉപഹാരം നൽകി.സംസ്ഥാന സ്കൂൾ കലോത്സവത്തിൽ എ ഗ്രേഡ് നേടിയ മുഹമ്മദ് ഷഹാദത്ത്, മുഹമ്മദ് ഷിഹാദ്, മെഹർബാൻ ആലം എന്നിവരെ ചടങ്ങിൽ അനുമോദിച്ചു.സൈക്കോളജിക്കൽ കൗൺസിലർ എം.എ.സുഹൈൽ മുഖ്യ പ്രഭാഷണം നിർവ്വഹിച്ചു.

വി.ഉമ്മർകോയ ഹാജി, സി.മൂസ മാസ്റ്റർ, വി.അബ്ദുള്ളക്കോയ ഹാജി, കെ.ടി. ബീരാൻ ഹാജി, സന്തോഷ് മൂത്തേടം, ജിഷ.സി., പി.അബ്ദുൾ അസീസ്, പി.ടി.രവീന്ദ്രൻ, പി.ടി.എ. പ്രസിഡണ്ട് വിനോദ് കുമാർ എന്നിവർ പ്രസംഗിച്ചു. സ്റ്റാഫ് സെക്രട്ടറി കെ.എം.എ.റഷീദ് സ്വാഗതവും, ടി.പി.മൻസൂറലി മാസ്റ്റർ നന്ദിയും പറഞ്ഞു.തുടർന്ന് ടി.മുഹമ്മദ് ഷിഹാദ് അവതരിപ്പിച്ച ഗസൽ ,വിദ്യാർത്ഥികളുടെ വിവിധ കലാപരിപാടികൾ എന്നിവ നടന്നു.

# യുപി വിദ്യാർത്ഥികൾക്ക് മായാത്തഓർമകൾ സമ്മാനിച്ച്.........

ഹഫ്സത്ത് ടീച്ചർ

6/12/2018 വ്യാഴം രാവിലെ 9:30 ഞങ്ങൾ മൻസൂർ സാറിന്റെ നേതൃത്വത്തിൽ യു.പി വിദ്യാർത്ഥികൾക്ക് പ്രകൃതിയുടെ നേർകാഴ്ച്ചകൾ ഒട്ടും മായം കലരാതെയുള്ള ഒരു യാത്ര

അഞ്ച് അധ്യാപികരും 55 വിധ്യാർത്ഥികളും അടങ്ങുന്ന ബസ്സ് സ്കൂൾമുറ്റത്ത് നിന്ന് സന്തോഷത്തിന്റെ ആരവവുമായി ഞങ്ങൾ ഗൈറ്റ് കടന്ന് മണാശ്ശേരിയോട് സന്തോഷം അറിയിച്ചു കൊണ്ട് കൈയടിയും പാട്ടുമായി യാത്ര ആരംഭിച്ചു .ആദ്യം ഞങ്ങൾ പോയത് CWRDM എന്ന ജലവുമായി ബന്ധപ്പെട്ട വിവിധ കാര്യങ്ങൾ വിശദീകരിക്കാൻ നേരിൽ കണ്ട് കൊണ്ട് ആസ്വദിച്ച് കൊണ്ട് പലതും കണ്ടു.കേരളത്തിലെ നദികളുടെ മരണവും കായലും കുളവും




വറ്റിവരളുന്നതിൻെറ പ്രധാന കാരണവും മലകളും കുന്നുകളും ഇടിച്ചിടിച്ച് ഭൂമിയുടെ ഹൃദയം പിളർക്കുന്ന വേദനാജനകമായ പല കാഴ്ച്ചകളും ഞങ്ങളെ തന്മയത്വം തോരാതെ ഗൈഡ് കാണിച്ചു. ശേഷം ജീവിതത്തിൽ ഇന്നേവരെ കാണാത്ത ഔഷധസസ്യങ്ങളുടെ തോട്ടം കറുക, ചെറൂള, തഴുതാമ കീഴാർനെല്ലി തൊട്ടാവാടി തുടങ്ങിയ വിവിധ സസ്യങ്ങൾ കണ്ടു കേരളത്തിലെ പഴയകാല ആഢ്യത്വം വിളിച്ചോതുന്ന റാന്തൽ വിളക്ക് ഒറ്റൽ തണ്ണീർത്തടം വിവിധ വള്ളങ്ങൾ ഓലക്കുടകൾ രവിവർമ്മ ചിത്രം

ഇന്നേ വരെ കാണാത്ത പ്രകൃതിയുടെ വരദാനം അവിടെവെച്ച് ഞങ്ങൾക്ക് കാണാൻ സാധിച്ചു.
കൃഷിയെക്കുറിച്ചും പ്രകൃതിയെക്കുറിച്ചും മറക്കാനാവാത്ത ഓർമ്മകൾ അറിവും സമ്മാനിച്ച ആ സ്ഥാപനം വരൻ തലമുറക്കും ഒരു വിളക്കായി ജ്വലിക്കട്ടെ എന്ന് പ്രാർത്ഥിക്കുന്നു.

12 മണിക്ക് പ്രകൃതിയുടെ വികൃതികൾ നെഞ്ചിലേറ്റി ഞങ്ങൾ നക്ഷത്ര ബംഗ്ലാവിലേക്ക് തിരിച്ചു. ഇടക്ക് ഉച്ചഭക്ഷണവും പ്രാർത്ഥനാ കർമ്മങ്ങളും കഴിച്ചു. ഞങ്ങൾ കയറിയത് ത്രീഡീ ഷോ അവതരിപ്പിക്കുന്ന മഞ്ഞുമലകളും മഞ്ഞിൽ ജീവിക്കുന്ന ജീവികളുടെ അതിജീവനവും ഞങ്ങളെ അതിശയം ജനിപ്പിക്കുന്ന ആയിരുന്നു അര മണിക്കൂർ സമയത്തെ മായാലോകം കാഴ്ചകൾ ഞങ്ങളിൽ വിസ്മയം വിതച്ചു.

ശേഷം അധ്യാപകരുടെ നേതൃത്വത്തിൽ വീണ്ടും മറ്റ് കാഴ്ചകളിലേക്ക് നീങ്ങി. കണ്ണാടി ഞങ്ങളുടെ കണ്ണട പ്പിക്കുകയും ഞങ്ങളുടെ പുതിയ ഉണർത്തുന്ന വരുമായിരുന്നു അതിലെ എങ്ങനെ പോകണമെന്നോ തിരിച്ചുവരണമെന്ന് ഒന്നുമറിയാതെ നടുങ്ങിയ നിമിഷങ്ങൾ മിറർ മാജിക്.

ശേഷം ഞങ്ങൾ ശാസ്ത്ര തത്വങ്ങൾ വിളയാടുന്ന വിവിധ ശാസ്ത്ര പ്രവർത്തനങ്ങളുടെ തത്വം പ്രവർത്തിപ്പിച്ചു മനസ്സിലാക്കി

ഒരിക്കൽക്കൂടി കാണാൻ ഞങ്ങൾ ആഗ്രഹിക്കുന്ന ആകാശക്കാഴ്ച, ആകാശഗംഗ, ക്ഷീരപദം പ്രപഞ്ച വിസ്മയങ്ങൾ കോർത്തിണക്കിയ മഹാത്ഭുതമാണ് ആകാശക്കാഴ്ച ഞങ്ങളിൽ പലരും അന്നേവരെ കാണാത്ത ഈ കാഴ്ച പലരെയും കൗതുകമുണർത്തി. ആർപ്പുവിളികളുടെയും ചിരിയുടെയും അരമണിക്കൂറിൽ ഞങ്ങൾ എല്ലാം മറന്നു ലഭിച്ചു ഷാ കഴിഞ്ഞിറങ്ങിയ ഞങ്ങളോട് നമുക്കിനി ബസ്സിൽ കയറാം എന്ന് പറഞ്ഞ് ആൻസർ സാറിനോട് അപ്പോൾ അല്പം നീരസം തോന്നി എങ്കിലും ഇങ്ങനെ ഒരു അവസരം അധ്യാപകരും ഒത്തുള്ള യാത്ര ഓർമച്ചെപ്പിൽ സൂക്ഷിക്കാനുള്ള അമൂല്യ നിമിഷമായി ഞാനോർക്കുന്നു ആദരവോടെ........

# സയൻസ് ക്ലബ്

സ്വാലിഹ മുഹമ്മദ്

## സ്കൂൾ ശാസ്ത്രമേള

സയൻസ് ക്ലബ് പ്രവർത്തനങ്ങൾ ജൂൺ 18 ന് 56 കുട്ടികളുമായി പ്രവർത്തനമാരംഭിച്ച ശാസ്ത്രമേള കും അതുപോലെ സി വി രാമൻ ജന്മദിനാഘോഷത്തിന്




അതുപോലെ ശാസ്ത്ര മാഗസിൻ ശാസ്ത്ര പ്രവർത്തനങ്ങൾ വളരെ ഗംഭീരമായി നടത്തുകയുണ്ടായി ശാസ്ത്രമേളക്ക് ഏറ്റവും നല്ല പ്രകടനം കാഴ്ചവച്ച 10b ക്ലാസ് പിന്നെ ഉന്നത വിജയം കൈവരിച്ച . അസംബ്ലിയിൽ വിദ്യാർത്ഥികൾക്ക് ശാസ്ത്രകൗതുകം പകർത്താനുള്ള അവസരമൊരുക്കി വിദ്യാർത്ഥികൾ വളരെ ഭംഗിയായി അസംബ്ലിയിൽ അവതരിപ്പിക്കുകയുണ്ടായി ശാസ്ത്രമേള നടത്തുകയുണ്ടായി സ്റ്റിൽ മോഡൽ വർക്കിംഗ് മോഡൽ എന്നിങ്ങനെ പല വിഭാഗവും അതിൽ ഉൾപ്പെട്ടിരുന്നു സബ്ജില്ലാതല ശാസ്ത്രമേളയിൽ സ്റ്റിൽ മോഡൽ വർക്കിംഗ് മോഡൽ മാഗസീൻ improvised experiment എന്നിവ ഞങ്ങൾക്ക് കൊണ്ടുപോകാൻ സാധിച്ച മാഗസിൻ എ ഗ്രേഡോടെ ജില്ലാതലത്തിലേക്ക് തിരഞ്ഞെടുക്കപ്പെടുകയുണ്ടായി

## സയൻസ് ക്ലബ്ബ് പഠന യാത്ര



സയൻസ് ക്ലബ്ബിൻറെ ആഭിമുഖ്യത്തിൽ നടന്ന പഠന യാത്ര ഉറുമി ഡാം അതുപോലെ മീനെണ്ണ ഉണ്ടാക്കുന്ന ഫാക്ടറി എന്നിവിടങ്ങളിലേക്ക് യാത്ര തിരിച്ച ഉറുമി സബ്സ്റ്റേഷനിൽ വൈദ്യുത വിതരണത്തിന് ഭാഗമായുള്ള സ്റ്റെപ് ഡൗൺ സ്റ്റെപ് ഡൗൺ ട്രാൻസ്ഫോർമറുകൾ അവർ

കാണുകയുണ്ടായി അവിടെയുള്ള ഗൈഡ് എല്ലാം വിശദമായി വിശദീകരിച്ചു കൊടുത്തു പെൻസ്റ്റോക്ക് പൈപ്പ് വഴി വെള്ളം അണക്കെട്ടിൽനിന്നും ഒഴുകുന്നതും അവർക്ക് കാണാൻ സാധിച്ചു അതുകഴിഞ്ഞു mean മീനെണ്ണ ഉല്പാദിപ്പിക്കുന്ന ഫാക്ടറിയിലേക്ക് ഞങ്ങൾ യാത്ര തിരിച്ചു എല്ലാതരത്തിലുള്ള മീനുകളും വലിയ ഗോഡൗണിലേക്ക് വന്നുവീഴുന്ന ഈ മീനുകൾ ഫാക്ടറിയിലേക്ക് കൊണ്ടുപോയി അത് യന്ത്രത്തിലൂടെ കടന്നുപോയി മീന യന്ത്രത്തിൽ നിന്ന് മീന മീനിൽ നിന്നും എണ്ണ സംസ്കരിക്കുന്നു ഇതിൽനിന്നും എൻറെ അവശിഷ്ടം ഇത് പ്രോട്ടീനും മറ്റും ഉപയോഗിക്കുന്നു വളരെ രസകരമായ അതുപോലെ വിജ്ഞാനപ്രദമായ മുള്ള ഒരു പഠന യാത്രയായിരുന്നു.



# ഡിജിറ്റൽ ചിത്രങ്ങൽ

സച്ചു കെ ടി





അർജ്ജുൻ ദേവ്
















# ടിപ്പുസുൽത്താന്റെ നാട്ടിൽ

യാത്രാവിവരണം

വൃന്ദ എം

നവംബർ 25 ന് രാത്രി 10 30 ന് ഞങ്ങൾ സ്കൂളിൽ നിന്നും പുറപ്പെട്ടു . കർണാടകത്തിലെ പ്രശസ്തമായ ഒരു പട്ടണമാണ് മൈസൂർ .ഒരു പ്രമുഖ വിനോദസഞ്ചാര കേന്ദ്രവുമാണ് ഇവിടം കർണാടകയിലെ ഏറ്റവും വലിയ മൂന്നാമത്തെ നഗരമാണ്.



മൈസൂർ കൊട്ടാരം ടിപ്പുസുൽത്താൻ കോട്ട കൃഷ്ണരാജ് സംഗമം വൃന്ദാവൻ ഗാർഡൻ, മൃഗശാല ചർച്ച്, എന്നിവിടങ്ങൾ ഞങ്ങൾ സന്ദർശിച്ചു. ഞങ്ങളുടെ അറിവിനെക്കാൾ കൂടുതൽ അവിടെനിന്നും മനസ്സിലാക്കാൻ സാധിച്ചു. ഹരിത മനോഹരമായ വൃന്ദാവൻ ഗാർഡനിലെത്തി. ഞങ്ങൾ വരിയായാണ് അവിടേക്ക് പ്രവേശിച്ചത് രാത്രിയോടെയാണ് ഞങ്ങളെത്തിയത് എങ്കിലും ഞങ്ങൾ കണ്ണിന് കുളിർമ നൽകുന്ന അതിമനോഹരമായ ഒരുപാട് കാഴ്ചകൾ ഞങ്ങൾക്കവിടെ

കാണാൻ സാധിച്ചു വാട്ടർ ഷോ. പൂക്കൾ, വാട്ടർ ഷോക്ക് ശേഷം ഷോപ്പിങ്ങിനു ള്ള സമയമായിരുന്നു ആൺകുട്ടികൾക്കും പെൺകുട്ടികൾക്കും ഒരുപോലെ ആനന്ദലഹരിയിലേക്ക് എത്തിച്ച ഡിജെ പാർട്ടി ജീവിതത്തിലെ ഏറ്റവും വലിയ ആനന്ദം നിറഞ്ഞ ഒന്നായിരുന്നു. അത് മനസിൽ നിന്നും മായാത്ത ഒരു കാഴ്ചയാണ് അതുപോലെതന്നെ മനസ്സിനെ കുളിർപ്പിക്കുന്ന മറ്റൊരു കാഴ്ചയായിരുന്നു മൃഗശാല നഗരത്തിലെ ഒരു പാതയിലൂടെ ഞങ്ങൾ മൈസൂർ മൃഗശാലയിൽ എത്തി നല്ല തിരക്കായിരുന്നു ആ തിരക്കിന് ഒരു പ്രത്യേകത ഉണ്ടായിരുന്നു ഒരേ വസ്ത്രം ധരിച്ചവരുടെ കൂട്ടം. ഒരേ പ്രായക്കാരുടെ കൂട്ടം. അല്ലെങ്കിൽ അന്യസംസ്ഥാനത്ത് ഉള്ള സ്ത്രീകളുടെ കൂട്ടം. പല സംസ്ഥാനങ്ങളിൽ നിന്നും വരുന്ന സ്കൂൾ വിദ്യാർഥികൾ. അങ്ങനെ നിരവധി കൂട്ടങ്ങൾ ഉണ്ടായിരുന്നു. ടിക്കറ്റെടുത്ത് ഞങ്ങൾ റൂമിൽ കയറി നഗരത്തിൻറെ നടുവിലെ ഒരു കാട്ടിൽ എത്തിയ പോലെ തോന്നി ഈ പ്രായത്തിനിടയിൽ കാണാത്ത ഒരുപാട് മൃഗങ്ങളെ ഞങ്ങൾ കണ്ടു .ഒരു വിഭാഗത്തിൽപ്പെട്ട ഒട്ടകപക്ഷി നിരവധിയുണ്ടായിരുന്നു .സിംഹം, ഗോറില്ല , മാനുകൾ, കുറുക്കൻ, ചെന്നായ്, കരടി ,ഹിപ്പോപൊട്ടാമസ്, പാമ്പുകളുടെ രാജാവായ രാജവെമ്പാല അങ്ങനെ ഒട്ടനവധി ..ജീവിതത്തിലെ മറക്കാനാവാത്ത സമയമായിരുന്നു പിരിഞ്ഞു പോകുമ്പോഴും ഓർത്തുവെക്കാൻ ഒരു സെൽഫി കൂടി

## പുതുവത്സര ദിനത്തിലെ നാടൻ വിഭങ്ങൾ



## പഠനരംഗത്ത് മുന്നേറി നന്ദന വിനോദ്



# ഹരിതസേന




# ക്ലാസ് അസ്ംബ്ലി നൽകുന്ന അനുഭവ പഠനങ്ങൾ



# മാനേജറുടെ നിർദ്ദേശങ്ങൾക്ക് മുമ്പിൽ




# ശിശുദിന ചിന്തകൾ




KERALA INFRASTRUCTURE AND TECHNOLOGY FOR EDUCATION
little KITEs
ലിറ്റിൽ കൈറ്റ്സ്
ഐ.ടി. ക്ലബ്ബ്
Reg.No: LK/2018/47089
MKHMMOHSS MANASSERY
0495 2296521

# നന്ദി